**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5315 | 25.10.2011 - ൽ മറുപടിക്ക്

**വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിന് പദ്ധതി**

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. പി.സി.വിഷ്ണുനാഥ്
ശ്രീ. അൻവർ സാദത്ത്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വിവിധ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിന് പരമാവധി സൗകര്യമൊരുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം (IEDSS) സംസ്ഥാനത്ത് ഇപ്പോൾ തന്നെ പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം പ്രത്യേക ശ്രദ്ധയും, പരിഗണനയും ആവശ്യമുള്ള (വികലാംഗരായ) കുട്ടികളുടെ വിദ്യാഭ്യാസം ഒന്നു മുതൽ പന്ത്രണ്ടു വരെയും, വി.എച്ച്.എസ്.സി. ക്ലാസുകളിലും ഉറപ്പു വരുത്തുന്നുണ്ട്. ഈ പദ്ധതി പ്രകാരം വികലാംഗരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും അവരെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ഇവർക്കായി വൈദ്യപരിശോധനാ ക്യാമ്പ് നടത്തുകയും സാമ്പത്തിക സഹായങ്ങൾ, സഹായ ഉപകരണങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. പ്രത്യേക പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ച് റിസോഴ്സ് റൂമുകൾ, ഉപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, അഡാപ്റ്റീവ് റ്റീച്ചിംഗ് ലേണിംഗ് മെറ്റീരിയൽ എന്നിവ നൽകുന്നുണ്ട്. സ്കൂളുകളിലെ വാസ്തുശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യുകയും അഡാപ്റ്റീവ് ടോയ്‌ലെറ്റുകൾ, റാംപ്, റയിൽ എന്നീ സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. ചലനശേഷിയില്ലാത്ത കുട്ടികളെ സഹായിക്കാൻ ആയമാരുടെ സേവനം ഉറപ്പു വരുത്തുകയും പ്രഥമാദ്ധ്യാപകർ, അദ്ധ്യാപകർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, രക്ഷിതാക്കൾ എന്നിവർക്ക് പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ പരീക്ഷാനുകൂല്യങ്ങളും നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യം അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഐ.ഇ.ഡി.എസ്.എസ്. [illegible] പദ്ധതിയായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. 12-ാം പഞ്ചവൽസര പദ്ധതിയിൽ ഐ.ഇ.ഡി.എസ്.എസ്. സ്കീം തുടരുന്നതിനുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇതിനുവേണ്ടി പ്രത്യേകം പദ്ധതി ആവിഷ്കരിക്കാൻ ആരെ ചുമതലപ്പെടുത്തി? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഡി.പി.ഐ.യിലെ ഐ.ഇ.ഡി സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ